**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1410** **01-02-2024 - ൽ മറുപടിയ്ക്ക്**

**സ്കൂളുകളിലെ ഉച്ചഭക്ഷണ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന്, ശ്രീ. ടി. വി. ഇബ്രാഹിം, ശ്രീ. പി. ഉബൈദുള്ള, ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്കൂളുകളിലെ ഉച്ചഭക്ഷണ വിതരണത്തിന് നിലവിൽ നൽകി വരുന്ന തുക നിശ്ചയിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ; | (എ) | 2016 സെപ്റ്റംബറിലാണ് തുക നിശ്ചയിച്ചത്. |
| (ബി) | ഈ തുക വർദ്ധിപ്പിച്ച് നൽകണമെന്ന ആവശ്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ; | (ബി) | ഉച്ചഭക്ഷണ പദ്ധതിയുടെ ഫുഡ് ബാസ്കറ്റിൽ ഉൾപ്പെടുന്ന ചില ഭക്ഷ്യവസ്തുക്കളുടെ വിലയിൽ വന്നിട്ടുള്ള വർദ്ധനവ് കണക്കിലെടുത്ത് നിലവിൽ അനുവദിക്കുന്ന തുക പരിഷ്കരിക്കണമെന്ന് അദ്ധ്യാപക സംഘടനകളും നിരവധി സ്കൂൾ ഉച്ചഭക്ഷണ കമ്മിറ്റികളും ആവശ്യപ്പെട്ടിട്ടുണ്ട്. വിഷയം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പദ്ധതി നടത്തിപ്പിന് സ്കൂളുകൾക്ക് അനുവദിക്കുന്ന തുക (മെറ്റീരിയൽ കോസ്റ്റ്) പരിഷ്കരിക്കുവാനും അതോടൊപ്പം പാൽ, മുട്ട/നേന്ത്രപ്പഴം നൽകുന്ന സപ്ലിമെന്ററി ന്യൂട്രീഷൻ പരിപാടിക്ക് പ്രത്യേക ഫണ്ട് അനുവദിക്കുവാനും ശിപാർശ ചെയ്തുകൊണ്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) | ഉച്ചഭക്ഷണ പദ്ധതിയിൽ സ്കൂളുകൾക്ക് തുക അനുവദിക്കുന്നതിൽ കുടിശ്ശിക ഉണ്ടോയെന്നും ഉണ്ടെങ്കിൽ കുടിശ്ശിക തുക എന്നത്തേക്ക് വിതരണം ചെയ്യാൻ കഴിയുമെന്നും അറിയിക്കുമോ? | (സി) | 2023 നവംബർ, ഡിസംബർ മാസങ്ങളിലെ തുക കുടിശ്ശികയുണ്ട്. കുടിശ്ശിക തുക വിതരണം ചെയ്യുന്നതിനും മറ്റുമായി കേന്ദ്ര -സംസ്ഥാന വിഹിതമുൾപ്പെടെ 91.51405 കോടി രൂപ 09.01.2024-ൽ അനുവദിച്ചിട്ടുണ്ട്. ജനുവരി 31 നകം സ്കൂളുകൾക്ക് കുടിശ്ശിക തുക പൂർണ്ണമായും വിതരണം ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ